അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 07/2025
08.08.2025 മഹാരാജാസ് കോളേജ് എറണാകുളം

മിനിട്സ്

അജണ്ട

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ടിംഗ്
5. ഐഫെക്ടോ പ്രക്ഷോഭം/ സംസ്ഥാനതല പ്രക്ഷോഭം
6. മെമ്പർഷിപ്പ്, യൂണിറ്റ് വിസിറ്റ്
7. വിവിധ സബ്കമ്മറ്റികൾ
8. മറ്റ് ആവശ്യമായ കാര്യങ്ങൾ

ഹാജർ

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., സന്തോഷ് ടി. വർഗീസ്,ഡോ. സുമി ജോയി ഓലിയപ്പുറം, സോബിൻ വർഗ്ഗീസ് എം. വി., ഡോ. എസ്. സഞ്ജയ്, ഡോ. രജിത സി.ആർ., ഡോ.റോസ്നിക്സ്, ഡോ. ഗായത്രിദേവി ജി., ഡോ. ശരത്ത് എസ്., ഡോ. രഞ്ജിത് മോഹൻ, ഡോ. രമണി കെ. കെ., ഡോ. ദീപ എ. കെ., ഡോ. ജയരാജ് ജെ., ഡോ. അജി പി. എൽ., ഡോ. എം. എ. അസ്കർ, ഡോ. ഷജിലാ ബീവി എസ്., ഡോ.ആനന്ദ് ടി.എ., ഡോ. ദിനേശ് പി.കെ., ഡോ. മുഹമ്മദ് ബഷീർ ടി, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ബി. അശോക്, ഡോ. സെനോ ജോസ്, ഡോ.സുശാന്ത് പി., ഡോ.ചന്ദ്രമോഹൻ കെ.ടി., ഡോ. സുജ ടി. വി., ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., ഡോ. അഗസ്റ്റിൻ എൻ. ജെ., അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സജീവ് യു. എസ്., ഡോ. വിനീഷ്, ഡോ.ആൽബർട്ട് ആൻറണി ടി., ഡോ. ഹരിദാസൻ വി., ഡോ. രാഹുൽ കെ., ഡോ. ഷിബു പി.വി., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി

രാവിലെ 10ന് എറണാകുളം മഹാരാജാസ് കോളേജിൽ ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ.വി. അനുശോചന പ്രമേയം അവതരിപ്പിച്ചു.

അനുശോചനം

സഖാവ് വി.എസ് അച്യുതാനന്ദൻ: ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തു കൊണ്ട് ജനങ്ങൾക്കൊപ്പം നിന്ന അദ്ദേഹത്തിന്റെ നൂറ്റാണ്ടുകടന്ന ജീവിതം കേരളത്തിന്റെ ആധുനിക ചരിത്രവുമായി വേർപെടുത്താനാവാത്ത വിധത്തിൽ കലർന്നുനിൽക്കുന്നു. വിപ്ലവ പ്രസ്ഥാനത്തിനും ജനാധിപത്യ പുരോഗമന പ്രസ്ഥാനത്തിനാകെയും കനത്ത നഷ്ടമാണ് വി. എസിന്റെ വിയോഗത്തിലൂടെ ഉണ്ടായിട്ടുള്ളത്. കേരളത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ചരിത്രത്തിലെ സമരഭരിതമായ അദ്ധ്യായമാണ് വി. എസ്. അച്യുതാനന്ദന്റെ ജീവിതം. തൊഴിലാളി - കർഷകമുന്നേറ്റങ്ങൾ സംഘടിപ്പിച്ച് പ്രസ്ഥാനത്തിനൊപ്പം വളർന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം, ജന്മിത്വവും ജാതീയതയും കൊടികുത്തി വാണിരുന്ന ഇരുണ്ട

കാലത്തെ തിരുത്താനുള്ള സമരങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്. പുന്നപ്ര-വയലാറുമായി പര്യായപ്പെട്ടു നിൽക്കുന്ന വി.എസ്, യാതനയുടെയും സഹനത്തിന്റെയും അതിജീവനത്തിന്റെയും ജീവിതപശ്ചാത്തലങ്ങൾ കടന്നാണ് വളർന്നുവന്നത്. ഒരു തൊഴിലാളി എന്ന നിലയിൽ നിന്ന് തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ കരുത്തനായ നേതാവ് എന്ന നിലയിലേക്കു വി.എസ് വളരെ വേഗമുയർന്നു. വി. എസ്സിന്റെ നേതൃത്വത്തിൽ നടന്ന എണ്ണമറ്റ സമരങ്ങൾ സാമൂഹികചരിത്രം തന്നെ മാറ്റിമറിച്ചു. മെച്ചപ്പെട്ട കൂലിക്കും, ചാപ്പ സമ്പ്രദായം നിർത്തലാക്കുന്നതിനും, ജോലി സ്ഥിരതയ്ക്കും, മിച്ചഭൂമി പിടിച്ചെടുക്കുന്നതിനും വേണ്ടി നടന്ന സമരങ്ങളുടെ മുൻനിരയിൽ അദ്ദേഹം ഉണ്ടായിരുന്നു. 1964 മുതൽ സി.പി.ഐ (എം) കേന്ദ്ര കമ്മിറ്റി അംഗമാണ്. 1985 ൽ പോളിറ്റ്ബ്യൂറോ അംഗമായി. 1980 മുതൽ 92 വരെ സി പി ഐ (എം) സംസ്ഥാന സെക്രട്ടറിയായും, 1996 മുതൽ 2000 വരെ എൽ ഡി എഫ് കൺവീനറായും പ്രവർത്തിച്ചു. 2001 മുതൽ 2006 വരെ പ്രതിപക്ഷ നേതാവ്. 2006 മുതൽ 2011 വരെ മുഖ്യമന്ത്രി. 2011 മുതൽ 2016 വരെ വീണ്ടും പ്രതിപക്ഷ നേതാവ് എന്നീ നിലകളിൽ തുടർന്നു. വഹിച്ച സ്ഥാനങ്ങളിലെല്ലാം സ്വന്തമായ മുദ്രകൾ ചാർത്തിയ നേതാവാണ് അദ്ദേഹം. കർഷകത്തൊഴിലാളി കളുടെയും കയർത്തൊഴിലാളികളുടെയും ജീവിതദൈന്യം നേരിട്ടറിഞ്ഞിട്ടുള്ള വി. എസ്., തന്റെ അനുഭവങ്ങളെ കരുത്താക്കി മാറ്റി. കേവല രാഷ്ട്രീയ ത്തിനപ്പുറത്തേക്കുപോയി പരിസ്ഥിതി, മനുഷ്യാവകാശം, സ്ത്രീസമത്വം തുടങ്ങിയ വിവിധങ്ങളായ മേഖലകളിൽ വി എസ് വ്യാപരിച്ചു. മുഖ്യധാരാ രാഷ്ട്രീയ വിഷയങ്ങളിലേക്കു സാമൂഹിക പ്രാധാന്യമുള്ള ഇതര കാര്യങ്ങളെക്കൂടി കൊണ്ടുവരുന്നതിൽ വലിയ പങ്കാണു വി.എസ് വഹിച്ചത്. പ്രതിപക്ഷ നേതാവ് എന്ന നിലയിൽ നിരവധി ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിച്ചു. നിയമനിർമ്മാണ കാര്യങ്ങളിലും തന്റേതായ സംഭാവനകൾ നൽകി. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ തനതായ രീതിയിൽ വ്യക്തിമുദ്ര പതിപ്പിച്ച നേതാവാണ് വി എസ്. വി.എസിന്റെ നിര്യാണം കേരളത്തെ സംബന്ധിച്ചിടത്തോളം നികത്താനാകാത്ത നഷ്ടമാണ് സൃഷ്ടിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

എം. കെ. സാനുമാഷ്: സാഹിത്യകാരനും, അധ്യാപകനും മലയാള സാംസ്കാരിക ലോകത്തെ മഹാപ്രതിഭയുമായിരുന്ന മാഷ് ദീർഘകാലം കോളേജ് അധ്യാപകനായിരുന്നു. കേരള നിയമസഭാംഗമായും പ്രവർത്തിച്ചു. കൊല്ലം എസ്.എൻ. കോളേജിൽ അധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. എറണാകുളം മഹാരാജാസ് കോളേജിൽ നിന്നാണ് മാഷ് വിരമിച്ചത്. വയലാർ അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ അവാർഡ് മുതലായ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. എ.കെ.ജി.സി.ടിയുടെ സജീവ അംഗമായിരുന്ന മാഷിന്റെ വാക്കുകൾ സംഘടനയ്ക്ക് എന്നും കരുത്തായിരുന്നു. സർവീസിൽ നിന്ന് വിരമിച്ചശേഷവും സംഘടനയുടെ പല സമ്മേളനങ്ങളിലും, സമരഭൂമികളിലും, അക്കാദമിക വേദികളിലും മാഷ് ഉദ്ഘാടകനായും, മുഖ്യ പ്രഭാഷകനായും നിറസാന്നിധ്യമായിരുന്നു.

പ്രശസ്ത ചലച്ചിത്ര താരം കലാഭവൻ നവാസ്, മുൻ ഹോസ്ദുർഗ് എം.എൽ. എ എം. നാരായണൻ, ചലച്ചിത്ര താരവും പ്രേംനസീറിന്റെ മകനുമായ ഷാനവാസ്, മുതിർന്ന കോൺഗ്രസ് നേതാവ് പ്രതാപവർമ്മ തമ്പാൻഎന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്

സുഹൃത്തുക്കളെ,

ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം യൂണിറ്റുകളിൽ ആരംഭിച്ചിട്ടുണ്ട്. അത് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ പ്രവർത്തനം നമ്മൾ

ഏറ്റെടുക്കണം. തിരുവനന്തപുരം,മലപ്പുറം ജില്ലകളിലെ യൂണിറ്റ് വിസിറ്റ് പൂർത്തിയായി, മറ്റു ജില്ലകളും സമയബന്ധിതമായി യൂണിറ്റ് സന്ദർശനം പൂർത്തീകരിക്കണം.

പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച കേസിൽ കോടതി ഉത്തരവ് വന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പ് എത്രയും വേഗം പ്രിൻസിപ്പൽ നിയമനം നടത്തുന്നതിനാവശ്യമായ പ്രവർത്തനം തുടങ്ങി കഴിഞ്ഞു. ജൂലൈയിൽ ലഭിച്ച പ്ലെയ്സ്മെന്റ് അപേക്ഷകളിൽ മേലുള്ള നടപടികളും താമസിയാതെ ആരംഭിക്കുന്നതാണ്.

എയ്ഡഡ് കോളേജ് സർവ്വീസ് പരിഗണിക്കുക, പ്രിൻസിപ്പലിന്റെ താൽക്കാലിക ചുമതല വഹിക്കുന്നവർക്ക് പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കുക, പുതുക്കിയ വർക്ക് ലോഡ് ഉത്തരവ് ഉടൻ ഇറക്കുക എന്നീ കാര്യങ്ങളിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തിവരുന്നു.സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതിയുടെ ആദ്യയോഗം ചേർന്നു. സമിതി കാര്യക്ഷമമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയം ആവശ്യമെങ്കിൽ ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുന്ന കാര്യത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. എത്രയും വേഗം അനുകൂല തീരുമാനം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. ഓണത്തിനോടനുബന്ധിച്ച് സർക്കാർ ജീവനക്കാർക്ക് ഡി.എ അനുവദിക്കുകയാണെങ്കിൽ സർവ്വകലാശാല/ കോളേജ് അധ്യാപകർക്കും ലഭിക്കുന്നതിനാവശ്യമായ ഇടപെടൽ സംഘടന നടത്തി വരുന്നു. യു.ജി.സി അരിയർ,

2020ൽ സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് പുതിയ തസ്തിക സൃഷ്ടിക്കൽ എന്നീ വിഷയങ്ങളിൽ സംഘടന ഇടപെടൽ നടത്തിവരുന്നു. പറവൂർ കേസരി കോളേജ്, വയനാട് മോഡൽ ഡിഗ്രി കോളേജ് (റൂസാ) എന്നിവയിൽ ഈ അക്കാദമിക് വർഷം ക്ലാസ്സുകൾ തുടങ്ങുന്നതിനായി ചില വിഷയങ്ങളിലെ തസ്തികകൾ മഹാരാജാസ്, മാനന്തവാടി, എന്നീ കോളേജുകളിൽ നിന്ന് മാറ്റിയത്

ഉചിതമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയല്ല ഇതിൽ ആവശ്യമായ ഇടപെടൽ സംഘടന നടത്തുന്നതാണ്. ആഗസ്റ്റ് 18ന് മാനന്തവാടിയിൽ മോഡൽ ഡിഗ്രി കോളേജ് (റൂസാ) ന്റെ ഉദ്ഘാടനം ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു നിർവ്വഹിക്കുന്നതാണ്.

സെപ്റ്റംബർ 13ന് കേന്ദ്ര സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ പ്രധാനമന്ത്രിയുടെ മണ്ഡലമായ വാരണാസിയിൽ ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ വലിയ പ്രതിഷേധ പരിപാടികൾ നടക്കുന്നതാണ്. ഇതിന്റെ ഭാഗമായി നടക്കുന്ന ലെറ്റർ കാമ്പയിൻ ഉൾപ്പെടെയുള്ള വിവിധ പ്രതിഷേധ പരിപാടികളിൽ നമ്മൾ സജീവമായി പങ്കെടുക്കണം.

ഉന്നതവിദ്യാഭ്യാസമേഖലയിൽ ചാൻസിലർ, താൽക്കാലിക വിസിമാർ എന്നിവരെ ഉപയോഗിച്ച് കേന്ദ്രസർക്കാർ സംഘപരിവാർ അജണ്ട നടപ്പാക്കുന്നതിനെതിരെ ജില്ലാതല പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു, മേഖലാതല പ്രതിഷേധ പരിപാടികൾ ഉടനെ നടത്തണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

തീരുമാനങ്ങൾ

1. എ.കെ.ജി.സി.ടി. ഭവൻ നവീകരണം/ പ്രക്ഷോഭ ഫണ്ട് എന്നിവ എത്രയും വേഗം പൂർത്തീകരിക്കണം.

2. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം/ യൂണിറ്റ് സന്ദർശനം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കണം.
3. സർവ്വകലാശാലകളിൽ സംഘപരിവാർ അജണ്ട നടപ്പാക്കുന്നതിനെതിരെയുള്ള സർവ്വകലാശാല മേഖലാതല പ്രക്ഷോഭങ്ങൾ ഓണാവധിക്ക് മുൻപായി സംഘടിപ്പിക്കണം.
4. മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുവാൻ ആവശ്യമായ ഇടപെടൽ തുടർന്നും നടത്തുന്നതാണ്.
5. ഡി.എ, യു.ജി.സി അരിയർ, 2020ൽ സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് പുതിയ തസ്തിക സൃഷ്ടിക്കുക എന്നീ വിഷയങ്ങളിൽ സംഘടന ഇടപെടൽ നടത്തുന്നതാണ്.
6. മഹാരാജാസ് കോളേജ് ഓട്ടോണമി വിഷയം പഠിക്കാനെത്തിയ കോളേജ് വിദ്യാഭ്യാസവകുപ്പ് സമിതി കോളേജിലെ അധ്യാപകരോട് നടത്തിയ പെരുമാറ്റം തികച്ചും അപക്വമായിരുന്നു എന്ന് കമ്മറ്റി വിലയിരുത്തുകയും ഇതിൽ ആവശ്യമായ സംഘടനാ ഇടപെടൽ നടത്താനും, മേൽ വിഷയം സമഗ്രമായി പഠിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പുതിയ സമതി രൂപീകരിപ്പിക്കുവാൻ വേണ്ട ഇടപെടൽ നടത്താനും തീരുമാനിച്ചു.
7. മഹാരാജാസ്, മാനന്തവാടി, എന്നീ കോളേജുകളിൽ നിന്ന് കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ ചില വിഷയങ്ങളുടെ തസ്തിക മാറ്റിയ വിഷയത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.
8. സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതി എത്രയും വേഗം സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തും.
9. കേരള സർവ്വകലാശാലയ്ക്ക് കീഴിൽ ഉള്ള സർക്കാർ കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളിൽ തന്നെ വിദ്യാർത്ഥികളുടെ പ്രീസബ്മിഷൻ, ഓപ്പൺ ഡിഫൻസ്
10. വൈവ എന്നിവ നടത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തും. സർക്കാർ കോളേജ് അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡം എത്രയും വേഗം പുതുക്കി ഇറക്കിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും.
11. സർക്കാർ കോളേജുകളിലെ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകരുടെ നിയമനം പൂർണ്ണമായും പി.എസ്.സി ലിസ്റ്റിൽ നിന്നാക്കുവാൻ ഇടപെടും.
12. നിലമ്പൂർ ഗവ. കോളേജിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് പൊതു സ്ഥലം മാറ്റത്തിന് അധിക വെയ്റ്റേജ് ലഭിക്കാൻ ഇടപെടൽ നടത്തും.

യോഗം ഉച്ചയ്ക്ക് 1 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
08-08-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി